ഉത്തരം

(എ) ഉണ്ട്.

(ബി) ഗിരിവർഗ്ഗക്കാർക്ക് വിതരണം ചെയ്യാൻ ഏക്കറേജ് തിട്ടപ്പെടുത്തി അറിയിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

റബ്ബർ കയറ്റുമതിക്ക് നൽകിയ സബ്സിഡി

51 [5505] ശ്രീ. പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എൻ. രാജൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കയറ്റുമതി ഇനത്തിൽ സബ്സിഡിയായി സംസ്ഥാന സർക്കാർ സഹായധനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപ വീതം സബ്സിഡി നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ കയറ്റുമതി സബ്സിഡി ഇനത്തിൽ വിവിധ ഏജൻസികൾക്കായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

റബർമാർക്ക്	..	1,21,15,867.85	രൂപ
റബ്കോ	..	2,41,71,141.45	,,
കെ. എസ്. ഡബ്ലിയു. സി. (വെയർഹൗസിംഗ് കോർപ്പറേഷൻ)	..	1,82,238.00	,,
ഇൻഫാം	..	6,88,957.50	,,

നെൽകൃഷി വികസനത്തിനായി സഹായങ്ങൾ

52 [5506] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ഏക്കർ വരെയുള്ള കരകൃഷിക്കാണ് ഇപ്പോൾ വൈദ്യുതി സൗജന്യമായി നൽകുന്നതെന്ന് പറയാമോ;

(സി) സാമൂഹ്യ ജലസേചന പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് ഈ സൗജന്യം ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ഇ) നെൽകൃഷിക്കുള്ള വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കാത്തതുമൂലം കണക്ഷൻ വിച്ഛേദിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ ഇനത്തിൽ എന്തു തുകയാണ് വൈദ്യുതി ബോർഡിന് അടയ്ക്കാനുള്ളത് എന്ന് പറയാമോ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നുണ്ട്:

(1) ഗ്രൂപ്പടിസ്ഥാനത്തിലുള്ള നെൽകൃഷിക്ക് സഹായം
(2) നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം
(3) വിത്തുൽപ്പാദന പരിപാടി
(4) സംയോജിത വളപ്രയോഗം
(5) സംയോജിത കീടനിയന്ത്രണം
(6) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം
(7) അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് കൃഷി ചെയ്യുന്നതിന് സഹായം
(8) ഉൽപ്പാദന ബോണസ്സ്
(9) വൈദ്യുതി സൗജന്യം
(10) പമ്പിംഗ് സബ്സിഡി
(11) കർഷകർക്ക് നെല്ലിന് ന്യായവില ഉറപ്പാക്കാൻ നെല്ല് സംഭരണം.

(ബി) കര കൃഷിക്ക് 2 ഹെക്ടർവരെ പരിധി നിശ്ചയിച്ച് വൈദ്യുതി സൗജന്യം നൽകിവരുന്നുണ്ട്.

(സി, ഡി) സാമൂഹ്യ ജലസേചന പദ്ധതിയുടെ പരിധിയിൽ വരുന്ന 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ള കരകർഷകരേയും സൗജന്യ വൈദ്യുതി പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾത്തന്നെ കൃഷിക്ക് വൈദ്യുതി സൗജന്യം അനുവദിച്ച ഇനത്തിൽ വലിയൊരു തുക ഫണ്ടില്ലാത്തതിനാൽ വൈദ്യുതി ബോർഡിന് നൽകാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കൂടുതൽ മേഖലകളിലേക്ക് വൈദ്യുതി സൗജന്യം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഉണ്ട്.

(എഫ്) കുടിശ്ശിക ഇനത്തിൽ 37.66 കോടി രൂപ വൈദ്യുതി ബോർഡിന് നൽകാനുണ്ട്. ഇതിൽ കുറച്ചെങ്കിലും കൊടുത്തു തീർക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly